Kerala Catholic Bible Society
REG. No. E.R. 649/91
PASTORAL ORIENTATION CENTRE
P.B. No. 2251, Palarivattom
Cochin, Kerala, India - 682 025
☎ : 0484 2805897, 2805815
: secretary@keralabiblesociety.com
: www.keralabiblesociety.com

# അമല 23-ാമത് ലോഗോസ് പ്രതിഭ

കൊച്ചി: ലോകത്തിലെ ഏറ്റവും വലിയ ക്വിസ് പ്രോഗ്രാമായ 23-ാമത് അഖിലേന്ത്യാ ലോഗോസ് ക്വിസ് ഗ്രാൻഡ് ഫിനാലെയിൽ ഇരിഞ്ഞാലക്കുട രൂപതയിൽനിന്നുള്ള ശ്രീമതി. അമല ഷിന്റോ ലോഗോസ് പ്രതിഭയായി. ലോഗോസ് പ്രതിഭ സ്വർണമെഡലും 65000രൂപയുടെ ക്യാഷ് അവാർഡും ട്രോഫിയും കരസ്ഥമാക്കി. സ്കൂൾ അധ്യാപികയാണ് ശ്രീമതി അമല ഷിന്റോ. നാലു ലക്ഷത്തിഎഴുപത്തയ്യായിരം പേർ പങ്കെടുത്ത പരീക്ഷയിൽ 600 പേർ രണ്ടാം റൗണ്ടിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു ഫൈനൽ റൗണ്ടിലേക്ക് ആറുപേർ യോഗ്യത നേടി. ബധിരഭിന്നശേഷിക്കാർക്കായുള്ള സംസ്ഥാനതല മെഗാ ഫൈനലിൽ ഒന്നാം സ്ഥാനത്തിന് തലശ്ശേരി അതിരൂപതയിൽനിന്നുള്ള നിമ്മി ഏലിയാസ് അർഹയായി. കുടുംബങ്ങൾക്കായുള്ള ലോഗോസ് ഫമിലീയ ക്വിസ്സിൽ തൃശ്ശൂർ അതിരൂപതയിലെ ആനി ദേവസ്സി, ബെൻസി ദേവസ്സി, ഡിറ്റി ദേവസ്സി എന്നിവർ ഒന്നാം സ്ഥാനത്തെത്തി. കെ.സി.ബി.സി. ബൈബിൾ സൊസൈറ്റിയാണ് ലോഗോസ് ക്വിസ്സിന് നേതൃത്വം കൊടുക്കുന്നത്. കേരളത്തിനകത്തുനിന്നും പുറത്തുനിന്നും മലയാളം, ഇംഗ്ലീഷ്, തമിഴ്, കന്നഡ എന്നീ ഭാഷകളിൽ മത്സരങ്ങൾ സംഘടിപ്പിക്കപ്പെടുന്നു.

ലോഗോസ് ബൈബിൾ ക്വിസിൽ ആറു പ്രായ വിഭാഗങ്ങളിലെ ചാമ്പ്യന്മാരെ പങ്കെടുപ്പിച്ച് പാലാരിവട്ടം പി.ഒ.സി.യിൽ നവംബർ 19നാണ് ഗ്രാൻഡ് ഫിനാലെ നടന്നത്. C വിഭാഗത്തിലെ ഒന്നാം സ്ഥാനക്കാരിയാണ് അമല ഷിന്റോ. മറ്റു പ്രായവിഭാഗങ്ങളിലെ സംസ്ഥാനതല വിജയികളും രൂപതയും: A- ജിസ്മോൻ സണ്ണി (കോതമംഗലം രൂപത), B - ലിയ ട്രീസാ സുനിൽ (താമരശ്ശേരി രൂപത), D- ഷിബു തോമസ് (മൂവാറ്റുപുഴ രൂപത), E - ആനി ജോർജ് (തൃശ്ശൂർ അതിരൂപത), F- മേരി തോമസ് (ഇരിഞ്ഞാലക്കുട രൂപത). എറണാകുളം - അങ്കമാലി, തൃശ്ശൂർ, പാലാ, എന്നീ രൂപതകളാണ് ഏറ്റവും കൂടുതൽ അംഗങ്ങളെ പങ്കെടുപ്പിച്ച് അവാർഡുകൾ കരസ്ഥമാക്കി. കുറവിലങ്ങാട്, ഓച്ചൻതുരുത്ത്, അങ്കമാലി എന്നിവരാണ് ഏറ്റവും നല്ല ഇടവകയ്ക്കുള്ള അവാർഡ് സ്വന്തമാക്കിയത്.

സമാപന സമ്മേളനത്തിൽ കേരള കാത്തലിക് ബൈബിൾ സൊസൈറ്റി ചെയർമാൻ, റൈറ്റ്. റവ. ഡോ. ജെയിംസ് ആനാപറമ്പിൽ ഉദ്ഘാടനകർമം നിർവഹിക്കുകയും വിജയികൾക്ക് അവാർഡ് നല്കുകയും ചെയ്തു. സമാപനസമ്മേളനത്തിൽ കെസിബിസി ഡെപ്യൂട്ടി സെക്രട്ടറി റവ. ഫാ. ജേക്കബ് ജി. പാലയ്ക്കാപിള്ളി അധ്യക്ഷതവഹിച്ചു. കേരള കാത്തലിക്ക് ബൈബിൾ സൊസൈറ്റി സെക്രട്ടറി റവ. ഡോ. ജോജു കോക്കാട്ട്, ശ്രീ. ജോയ് പാലയ്ക്കൽ, വൈസ്ചെയർമാൻ ശ്രീ. ആന്റണി പാലിമറ്റം, ജോയിന്റ് സെക്രട്ടറി ശ്രീ. ജോസഫ് പന്തപ്ലാക്കൽ എന്നിവർ പ്രസംഗിച്ചു. വിവിധ പ്രായ വിഭാഗങ്ങളിലെ വിജയികൾക്ക് സ്വർണമെഡലും ക്യാഷ് അവാർഡുകളും സർട്ടിഫിക്കറ്റുകളും സമ്മാനിച്ചു.

*(ഫോട്ടോ - ലോഗോസ് സമാപന സമ്മേളനം*